(ബി ആൻറ് സി) ഉണ്ട്. വൈദ്യുതി തൂണുകളുടെ ദൗർലഭ്യവും ബോർഡിൻറെ സാമ്പത്തിക ഭദ്രതയും കണക്കിലെടുത്ത് പുതിയ ലൈൻ പിടിച്ചു് തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പരിപാടി തൽക്കാലം നിറുത്തിവച്ചിരിക്കുകയാണ്. എന്നാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മിനിമം ഗ്യാരണ്ടി വച്ചാൽ അതിൻറെ അടിസ്ഥാനത്തിൽ പുതിയ ലൈൻ പിടിച്ചു് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

ഗൾഫ് നാടുകളിൽ ജോലിയുള്ള കേരളീയരുടെ ധനനിക്ഷേപം

916 [1688] ശ്രീ. എം. വി. രാഘവൻ:

,, പി. പി. എസ്തോസ്:

,, വി. വി. ജോസഫ് (കുണ്ടറ):

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:

,, വി. പി. ദക്ഷിണാമൂർത്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ ജോലിയുള്ള കേരളീയരുടെ ധനനിക്ഷേപം വർദ്ധിപ്പിക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നിക്ഷേപിക്കുന്ന തുകകൾ എന്തിനുവേണ്ടി വിനിയോഗിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് അയക്കുന്ന പണം സ്വരൂപിച്ച് കേരളത്തിൻറെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ഒരു "നോൺ ബാങ്കിംഗ് ഫൈനാൻസി—ട്രസ്റ്റ്" സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി റിസർവ് ബാങ്കിനും കേന്ദ്രഗവൺമെൻറിനും അയച്ചു കൊടുത്തിരുന്നു. ആയതിന് റിസർവ് ബാങ്കിൽ നിന്നും അംഗീകാരം ലഭിച്ചില്ല.

(ബി) (സി) ചോദ്യം ഉദിക്കുന്നില്ല.

പെൻഷൻ വർദ്ധനവ്

917 [1689] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-1964-നു മുൻപ് പെൻഷൻ പറ്റിയ ആളുകളുടെ കുടുംബങ്ങൾക്കുകൂടി കുടുംബ പെൻഷൻ അനുവദിക്കുന്നതിന് കൂടുതലായി എന്തു തുക വേണ്ടി വരും;

LIBRARY ARCHIVES Kerala Legislative Assembly